PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

THIRD SESSION.
SECOND MEETING. 1949/1124.

Tuesday, the 22nd February 1949/11th Kumbhom 1124

The Travancore Legislative Assembly met in the Legislative Chamber, Trivandrum, at Eleven of the clock on Tuesday the 22nd February 1949/11th Kumbhom 1124, with the President, (Hon'ble Mr. R. V. Thomas) in the Chair.

QUESTIONS AND ANSWERS.
ORAL ANSWERS.

*501. MR. ABDUL MAJEED (*Chirayinkil III—Muslim Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിമുക്തഭടന്മാരുടെ മുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) വിമുക്തഭടന്മാർക്കു വീവിംഗ് സെൻറുകൾ തിരുവിതാംകൂറിൽ എവിടെയെല്ലാം അനുവദിച്ചിട്ടുണ്ട്?

(ബി) ചിറയിൻകീഴ് താലൂക്കിൽ കടയ്ക്കാവൂർ പ്രദേശത്തിൽ വീവിംഗ് പരിശീലനകേന്ദ്രം തുറക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

HON'BLE MR. N. KUNJURAMAN : (എ) ഇല്ല. വീവിംഗ് ടെയിനിംഗ് സെൻറർ എക്സ്സർവീസ് മെന്നിന് ഇവിടെ ഇല്ല.

(ബി) ഉണ്ട്.

(സി) അത് ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

MR. ABDUL MAGEED : അതിന് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : വീവിംഗ് ടെയിനിംഗ് സെൻറർ തുടങ്ങുന്നതിന് ഇൻഡ്യാ ഗവൺമെൻറിൻെറ അനുവാദവും സമ്മതവും കൂടെ ആവശ്യമാണ്. അത് കിട്ടിയാലുടൻ വേണ്ടതു ചെയ്യുന്നതാണ്.

MR. ABDUL MAGEED : ഇൻഡ്യാ ഗവണ്മെൻറിൻെറ അനുവാദം കിട്ടുന്നതിനുവേണ്ടി എന്തു നടപടിയാണ് നടത്തിയിട്ടുള്ളതു?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ഇൻഡ്യാ ഗവണ്മെൻറിൽനിന്ന് അതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ അയയ്ക്കാമെന്നു പറഞ്ഞിരിക്കുകയാണ്. അതിനുവേണ്ടി കാത്തിരിക്കുകയാണ്.

വനം വിഭജനം.

502. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) കോട്ടയം ഡിസ്ട്രിക്ടിൽപ്പെട്ട മഞ്ഞപ്ര റിസർവ്വിൽനിന്നും സ്ഥലം വിഭജിച്ചു നൽകിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാമെന്നും യഥാക്രമം എത്ര ഏക്കർ വീതമെന്നും?

(സി) ഇതിൽ പിന്നോക്ക സമുദായക്കാർക്ക് ആകെ നൽകിയിട്ടുള്ള സ്ഥലം എത്ര ഏക്കറെന്ന്?

HON'BLE MR. V. O. MARKOS : (എ) മഞ്ഞപ്ര റിസർവിൽ നിന്നും കൃഷിക്ക് സ്ഥലം വിട്ടുകൊടുത്തിട്ടില്ല. ഈ ഉത്തരത്തിൽനിന്ന് (ബി) (സി) ചോദ്യങ്ങൾക്ക് ഉത്തരം ഉത്ഭവിക്കുന്നില്ല.

MR. T. T. KESAVAN SASTRI : ആരെങ്കിലും അപേക്ഷകരം അയച്ചിട്ടുണ്ടായിരുന്നോ ?

HON'BLE MR. V. O. MARKOS : അപേക്ഷകരം ഉണ്ടായിരുന്നു എന്നാണ് തോന്നുന്നത്. ഇക്കൊല്ലത്തേയ്ക്ക് കൃഷിക്കു സ്ഥലം കൊടുക്കുന്നതിനായി റിസർവിൽ സ്ഥലം തിരിച്ചിട്ടിട്ടില്ല.

MR. T. T. KESAVAN SASTRI : മഞ്ഞപ്ര റിസർവ്വ് ആകെ എത്ര ഏക്കർ ഉണ്ടെന്നു പറയാമോ ?

HON'BLE MR. V. O. MARKOS : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

സ്കൂൾകെട്ടിടം പണി.

503. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*) താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) പൊടുമങ്ങാട് താലൂക്കിൽ നിർബന്ധിത വിദ്യാഭ്യാസാർത്ഥം എത്ര ടെമ്പററി സ്കൂൾ കെട്ടുന്നതിനു ടെൻഡർ കൊടുത്തിരുന്നുവെന്നും അതിൽ എത്രയെണ്ണത്തിന്റെ പണി നിവൃത്തിവരുത്തിച്ചുവെന്നും പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly